## നിലമ്പൂരിന്റെ 'ഗവി' കക്കാടംപൊയിൽ വഴി കോഴിപ്പാറയിലേയ്ക്ക് ഒരു ഓർഡിനറി യാത്ര..

കക്കാടംപൊയിലിന് സമീപം വെള്ളച്ചാട്ടത്തിൽ കുറച്ചു പേർ കുടുങ്ങി എന്ന വാർത്തയാണ് യാത്രയ്ക്ക് 2 ദിവസം മുൻപ് ഞാൻ കേട്ടത്. പക്ഷെ യാത്രയ്ക്ക് വേണ്ടി നേരത്തെ തന്നെ പ്ലാൻ ചെയ്തിരുന്നത് കൊണ്ട് മുന്നോട്ട് വെച്ച കാൽ മുന്നോട്ട് തന്നെ എന്ന് ഉറപ്പിച്ച് ഞാനും എന്റെ ബ്രദേഴ്സും കൂടെ നിലമ്പൂരിന്റെ 'ഗവി' എന്നറിയപ്പെടുന്ന കക്കാടംപൊയിലിലേയ്ക്ക് ഒരു 'ഓർഡിനറി'യിൽ യാത്ര പോയി.

രാവിലെ 9.20ൻറെ ഷോർണ്ണൂർനിലമ്പൂർ പാസഞ്ചറിൽ ആണ് ഞങ്ങളുടെ യാത്ര ആരംഭിയ്ക്കുന്നത്. പ്രണയകാലം നിറഞ്ഞു നിന്നിരുന്ന കൃഷ്ണഗുഡിയായി ചിത്രീകരിച്ച അങ്ങാടിപ്പുറവും അതിനപ്പുറം തേക്കിൻകാടുകളും താണ്ടി തീവണ്ടി കിതച്ചു കിതച്ച് കൃത്യ സമയത്ത് തന്നെ നിലമ്പൂർ എത്തി. അവിടുന്ന്! KSRTC ഡിപ്പോയിലേയ്ക്ക് ഓട്ടോ പിടിച്ചു. തിരക്കേറിയ നിലമ്പൂർ ടൌണിലൂടെ ഞങ്ങൾ ഡിപ്പോയിൽ എത്തുമ്പോൾ ഡിപ്പോ കാലിയാണ്. കുറച്ചപ്പുറത്ത് കോടതിയ്ക്ക് സമീപമുള്ള ചായക്കടയിൽ നിന്ന് ചായയും കടിയും കഴിച്ച് തിരിച്ച് ഡിപ്പോയിൽ വരുമ്പോൾ അതാ കിടപ്പുണ്ട് കക്കാടംപൊയിൽ വഴി തിരുവമ്പാടിയ്ക്കുള്ള കട്ട് ചേസിസ് ഓർഡിനറി കാലിയായി. 11.50 ന് പുറപ്പെടുമെന്ന് പറഞ്ഞ ബസ്, 11.55 ന് പുറപ്പെട്ടപ്പോൾ ബസിൽ ആകെ 7 യാത്രക്കാർ മാത്രം. ചന്തക്കുന്ന്! സ്റ്റാൻഡിൽ നിന്ന് കുറെ പേർ കേറി ബസ് ഫുള്ളായി. അകമ്പാടത്ത് നിന്ന് നല്ല തിരക്കായി. അത് മൂലേമ്പാടത്ത് തീർന്നു. പിന്നെ ബസിൽ ഒരു പത്ത് പേർ മാത്രം.

വെള്ളരിമല ഫോറസ്റ്റിൻറെ യഥാർത്ഥ രൂപമോന്നും കാണാൻ കഴിഞ്ഞില്ലെങ്കിലും വിജനമായ കാടുപിടിച്ച പ്രദേശങ്ങളിലൂടെ, ടാറിംഗ് പോയിക്കിടക്കുന്ന, പലയിടത്തും കോൺക്രീറ്റ് ചെയ്ത കൊടും ഹെയർ പിൻ വളവുകൾ ഞങ്ങളെ ത്രില്ലടിപ്പിച്ചു! ഞങ്ങളെ മുന്നിൽ ഇരിയ്ക്കാൻ അനുവദിച്ച ഡ്രൈവർ സർ മുജീബ്, അത്രയ്ക്ക് മെഷർമെൻറിൽ ആയിരുന്നു ഡ്രൈവ് ചെയ്തിരുന്നത്. ഇടുങ്ങിയ റോഡിലൂടെ ഇടയ്ക്കിടയ്ക്ക് എതിർവശത്ത് നിന്ന് വാഹനങ്ങൾ വരുമ്പോൾ ഞങ്ങൾ മുൾമുനയിൽ ഇരുന്നു പോയി. കക്കാടംപൊയിൽ അടുക്കുമ്പോഴാണ് കൂടുതൽ മനോഹരമായ ദ്രിശ്യങ്ങൾ. വെള്ളരിമലയുടെ ഉൾക്കാടുകളിലേയ്ക്ക് ഒരു ആകാശക്കാഴ്ച പോലെ വ്യൂ കിട്ടും. സമുദ്ര നിരപ്പിൽ നിന്ന് എത്രയോ അടി ഉയരത്തിലാണ് നാം ഇപ്പോൾ ഉള്ളതെന്ന് ചിന്തിച്ചു പോകും. എന്നിട്ടും അതിനേക്കാൾ ഉയരത്തിൽ ഒരു വൻമതിൽ പോലെ ദൂരെ പൂർവ്വ ഘട്ടം വിരിഞ്ഞു നിൽക്കുന്നു! ഇടയ്ക്കിടെ വഴിയിൽ നിന്ന് ബസിന്റെയും സ്ഥലങ്ങളുടെയും ഫോട്ടോസ് എടുക്കുന്നവരെ കാണാം. കക്കാടംപൊയിൽ കഴിഞ്ഞതോടെ കാട് കഴിഞ്ഞു. പക്ഷെ കുത്തൻ ഹെയർപിന്നുകളിലൂടെയുള്ള ഇറക്കം, ബസിൽ അള്ളിപ്പിടിച്ചു ഇരുന്നു കൊണ്ടാണ് ഞങ്ങൾ കടന്നു പോയത്.

തിരുവമ്പാടിയിൽ ഉച്ചയ്ക്ക് 2 മണി കഴിഞ്ഞതോടെ എത്തി. മുജീബ് സാറിനോട് ഞങ്ങൾ, ഇതേ ബസ് വൈകീട്ട് കോഴിപ്പാറയിൽ നിന്നെടുക്കുമ്പോൾ അവിടെ നിന്നുണ്ടാകുമെന്ന് പറഞ്ഞു. 6.10 ന് ആണ് കോഴിപ്പാറയിലെ ടൈം എന്ന് അദ്ദേഹം പറഞ്ഞു. റംസാൻ നോമ്പ് കാലമായത് കൊണ്ട് ഭക്ഷണം കഴിയ്ക്കാൻ ഞങ്ങൾ കുറച്ച് അലഞ്ഞു. ചെറിയൊരു മെസ്സ് കിട്ടി. ഊണ് കഴിച്ചു. പിന്നെ അൽപ നേരം വിശ്രമം. മൂന്നരയോടെ ഓരോ കട്ടനും പഴംപൊരിയും കഴിച്ച്, 4 മണിയ്ക്കുള്ള തിരുവമ്പാടികോഴിപ്പാറ ബസിൽ കേറി. സ്കൂൾ വിട്ട സമയമായിരുന്നത് കൊണ്ട് നല്ല തിരക്കായിരുന്നു. കക്കാടംപൊയിൽ വരെ അത്യാവശ്യം ആളുണ്ടായിരുന്നു. ബസിൽ വെച്ച് പ്രായമുള്ള ഒരാളുമായി ഞങ്ങൾ സംസാരിച്ച്, കോഴിപ്പാറ വെള്ളച്ചാട്ടത്തെക്കുറിച്ച് കുറെ കാര്യങ്ങൾ മനസിലാക്കി. ബസ് കോഴിപ്പാറയ്ക്ക് പോകുമ്പോൾ വീണ്ടും ബസിൽ ആറോ ഏഴോ പേർ.

കോഴിപ്പാറയിറങ്ങി. നേരെ നടന്ന് ഒരു ചെറിയ പാലം കടന്ന്!, ഒരു കയറ്റം. പിന്നെ ഒരു നിരപ്പ്. അവിടെ നിന്ന് വലത്തേയ്ക്ക് ഒരു ഊടുവഴിയിലൂടെ... മനോഹരമായ വെള്ളച്ചാട്ടം. വെള്ളച്ചാട്ടമെന്ന് പറയാനാകില്ല. വിശാലമായ പാറക്കെട്ടിലൂടെ ചാലിയാർ പുഴ കുത്തിയൊലിച്ച് ഒഴുകുന്നു. ഏകദേശം വാഴച്ചാൽ പോലെ. വെള്ളച്ചാട്ടത്തിനപ്പുറം ആനക്കാട്! ഐസ് വെള്ളം പോലെ തണുത്ത വെള്ളത്തിൽ കൈയും കാലും മുഖവുമെല്ലാം കഴുകി, ഫ്രെഷായി കുറച്ചു നേരത്തെ ഫോട്ടോ സെഷന് ശേഷം, ഞങ്ങൾ തിരിച്ച് ബസ് സ്റ്റോപ്പിലേയ്ക്ക് വന്നു. ആറേകാലോടെ നിലമ്പൂരിൽ നിന്ന് ഞങ്ങളുടെ രാവിലത്തെ ബസ് വന്നു. ഡ്രൈവറും കണ്ടക്ടർ നിസ്സാർ സാറും പരിചയം കാണിച്ചു... അഞ്ചു മിനിറ്റ് കഴിഞ്ഞ് ബസ് പുറപ്പെട്ടു. അപ്പോഴാണ് വഴിയിൽ ഒരാൾക്കൂട്ടം! തൊട്ടടുത്ത ഒരു വീട്ടിൽ രാജവെമ്പാല കേറിയത്രേ! മുയൽക്കൂടിനുള്ളിൽ കേറിയിരിക്കുകയാണെന്ന്! ബസ് കുറച്ചങ്ങു നീങ്ങിയപ്പോൾ ഫോറസ്റ്റ്കാരുടെ ജീപ്പ് വരുന്നു. ഞങ്ങൾ തലനീട്ടി നോക്കി 'വാവ സുരേഷ്' ആണോ? എന്ന്. പക്ഷെ അല്ലായിരുന്നു.

ബസ്, പതിവ് പോലെ ത്രില്ലടിപ്പിയ്ക്കുന്ന ഹെയർപിന്നുകളും ഓഫ് റോഡും കടന്ന് വനമേഖല വിട്ട്, അകമ്പാടത്ത് എത്തി. സ്റ്റാഫ് രണ്ടു പേരും നോമ്പിലായിരുന്നു. അവർ ടൌണിലുള്ള ഒരു കൂൾബാറിൽ നോമ്പിറക്കാൻ ബസ് നിർത്തി. അവിടെ വെച്ച് അവരുമായി അല്പം സംസാരിച്ചു. നമ്മുടെ ബ്ലോഗിനെക്കുറിച്ച് അവരോട് പറഞ്ഞു. 'ഇന്റർനെറ്റിൽ' കണ്ടിട്ട് ഈ സ്ഥലത്തേയ്ക്ക് വന്നതാണോ എന്ന് അവർ ഞങ്ങളോട് ചോദിയ്ക്കുകയുണ്ടായി.

ഞങ്ങൾ നിലമ്പൂരിൽ നിന്ന് 8.40ൻറെ രാജ്യറാണി എക്സ്പ്രസിനാണ് മടക്കയാത്ര പ്ലാൻ ചെയ്തിരിക്കുന്നത്. ബസ് ഞങ്ങളെ ചന്തക്കുന്ന്! ടൌണിൽ ഇറക്കി തന്നു. സ്റ്റാഫിനോട് യാത്ര പറഞ്ഞും പെരുന്നാൾ ആശംസകൾ നേർന്നും ഞങ്ങൾ ഇറങ്ങി. അന്നത്തെ യാത്രയുടെ ക്ഷീണം മുഴുവൻ ഞങ്ങൾ റംസാൻ സ്റ്റൈലിൽ ലാവിഷ് ആയിട്ടു ഒരു നോൺവെജ് ഫുഡ് അടിച്ച് തീർത്തു. പിന്നെ, ഓട്ടോയിൽ നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ എത്തി. അവിടെ നിന്ന് ട്രെയിൻ കേറി, ഏകദേശം പത്തു മണി കഴിഞ്ഞ്, ഷോർണ്ണൂർ എത്തി, പത്തരയോടെ വീട്ടിലും എത്തി.